**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6810** **21-03-2023 - ൽ മറുപടിയ്ക്ക്**

**യുണീക് തണ്ടപ്പേർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | യൂണീക്ക് തണ്ടപ്പേർ സംവിധാനത്തിനായി ആധാർ ഉപയോഗിക്കുന്നതിനുള്ള അനുമതിയ്ക്ക് 2021 ജൂലൈ മാസം കേന്ദ്ര സർക്കാരിന് പ്രപ്പോസൽ സമർപ്പിക്കുകയും 23/08/2021 ൽ അംഗീകാരം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതും ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഭൂപരിഷ്കരണം കഴിഞ്ഞാൽ കേരള ചരിത്രത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായേക്കാവുന്ന മഹത്തായ പദ്ധതിയാണിത്.<br><br>റവന്യൂ വകുപ്പിന്റെ ReLiS എന്ന സോഫ്റ്റ് വെയറിൽ യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള മൊഡ്യൂൾ വികസിപ്പിച്ചിട്ടുള്ളതും ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന OTP ഉപയോഗിച്ച് ഓൺലൈനായോ വില്ലേജ് ഓഫീസിൽ നേരിട്ട് എത്തി OTP മുഖാന്തിരമോ തണ്ടപ്പേരിനെ ആധാറുമായി ബന്ധിപ്പിക്കാവുന്നതാണ്. ബന്ധപ്പെട്ട വില്ലേജാഫീസർ ആയത് പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് യുണീക്ക് തണ്ടപ്പേർ നമ്പർ ലഭിക്കുന്നതും ഭൂമിയുടെ വിവരങ്ങൾ ഈ നമ്പരിൽ ബന്ധിപ്പിക്കുന്നതുമാണ്. ബയോമെട്രിക് സംവിധാനത്തിൽ വിരലടയാളം പതിപ്പിച്ചും യുണീക്ക് തണ്ടപ്പേർ ലഭ്യമാക്കുവാനുള്ള മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ട്. ബയോമെട്രിക് ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം വാങ്ങുന്നതിനായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>യുണീക്ക് തണ്ടപ്പേർ ലഭിക്കുന്നതിന് സംസ്ഥാനമൊട്ടാകെ നാളിതുവരെ 36632 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ വില്ലേജ് |

| | | | |
|---|---|---|---|
| | | | ഓഫീസർ അന്വേഷണം നടത്തി 14006 അപേക്ഷകൾക്ക് യുണീക്ക് തണ്ടപ്പേർ അനുവദിച്ചിട്ടുള്ളതാണ്. |
| (ബി) | യുണീക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിൽ വരുന്നതോടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കുമോ എന്ന് അറിയിക്കുമോ; | (ബി) | യുണീക്ക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാക്കുന്നതിലൂടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതാണ്. സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒരു നമ്പറിനാൽ രേഖപ്പെടുത്തുന്നു എന്നതാണ് ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതിയുടെ പ്രധാന നേട്ടം. പ്രസ്തുത പദ്ധതിയിലൂടെ ഒരു ഭൂ ഉടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള എല്ലാ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒറ്റ തണ്ടപ്പേരിൽ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇപ്രകാരം ഭൂമിയുടെ വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒറ്റ തണ്ടപ്പേരിൽ ലഭ്യമാവുക വഴി ജനങ്ങൾക്ക് സുഗമമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും ഭൂ ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും. കൂടാതെ ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും ഭൂമിയുടെ കൈമാറ്റം സംബന്ധമായ നടപടിക്രമങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനും സാധിക്കുന്നതാണ്. |
| (സി) | വസ്തുവിന്റെ പ്രമാണപ്രകാരമുള്ള ഉടമ മരണപ്പെട്ടാൽ, അവകാശികൾക്ക് ഭൂമിയുടെ വിവിധവ്യവഹാരങ്ങളിൽപ്പെട്ട് ഉടമസ്ഥാവകാശം നിർണ്ണയിക്കപ്പെടാതെയുള്ള വസ്തുക്കൾക്ക് യുണീക്ക് തണ്ടപ്പേർ നമ്പർ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | വസ്തുവിന്റെ പ്രമാണപ്രകാരമുള്ള ഉടമ മരണപ്പെട്ടാൽ അനന്തരാവകാശ നിയമപ്രകാരമോ കോടതി ഉത്തരവ് മുഖാന്തിരമോ പുതിയ അവകാശികളുടെ പേരിൽ പോക്കുവരവ് ചെയ്യപ്പെട്ടാൽ മാത്രമേ പ്രസ്തുത ഭൂമിക്ക് യുണീക്ക് തണ്ടപ്പേർ നമ്പർ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ